DESPATCHED
On..20.2.2020
31/01/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.234(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.1561/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജി. കൃഷ്ണകുമാർ,
'ആയില്യം', കുന്നുവിള,
വടക്കോട്, തൊഴുക്കൽ,
നെയ്യാറ്റിൻകര, തിരുവനന്തപുരം – 695 121.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ
ആഞ്ജനേയ, ടി.സി–9/1023(1),
ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം,
തിരുവനന്തപുരം – 695 010.

2. അപ്പീൽ അധികാരി & സ്റ്റേറ്റ് കമ്മീഷണർ,
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ,
ആഞ്ജനേയ, ടി.സി–9/1023(1),
ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം,
തിരുവനന്തപുരം – 695 010.
} എതിർകക്ഷികൾ

## ഉത്തരവ്

2015ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയാണ് ഇത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കും രേഖകൾക്കും അഞ്ച് വർഷം പഴക്കമുണ്ട്. ഈ അപ്പീൽ ഹർജിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ ലഭ്യമായ വിവരങ്ങൾ മുഴുവൻ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 30/01/2020ന് നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും, ടിയാൻ ഹാജരാവുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. അതിനാൽ

എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കുന്നു.

3. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തിരിക്കുന്നതിനാൽ, അതിൽ പറഞ്ഞ പ്രകാരം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാനു ലഭ്യമായി എന്നുറപ്പാക്കേണ്ട ബാധ്യത ഇപ്പോഴത്തെ എസ്.പി.ഐ.ഒ.യുടേതാണ്.

4. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടിൽ പറഞ്ഞപ്രകാരം ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും, പ്രസ്തുത വിവരങ്ങളിൽ ടിയാന് ഇപ്പോഴും താത്പര്യമുണ്ടെങ്കിലും ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ഒരു പരാതി ഹർജിയുമായി ഹർജിക്കാരന് കമ്മീഷനെ നേരിട്ട് സമീപിക്കാവുന്നതാണ്.

5. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ജനുവരി മാസം 31-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM